

■ ലേഖനം

**സമീർ വടുതല**

# ആത്മീയത: ഉള്ളിൽ വിടരുന്ന പൂവിന്റെ സുഗന്ധം

“**തീർച്ചയായും** ആത്മാവിനെ സംസ്കരിച്ചവൻ വിജയിച്ചു. അതിനെ മലിനമാക്കിയവൻ പരാജയപ്പെട്ടു”-ഖുർആൻ.

“ഒരുവന് ആത്മാവ് നഷ്ടപ്പെട്ടിട്ട് ലോകം മുഴുവൻ നേടിയിട്ടെന്തു കാര്യം?”
-ബൈബിൾ

** ** **

ആകാശം ഭൂമിയെ നോക്കി പുഞ്ചിരി പൊഴിക്കുമ്പോൾ ആത്മീയതയുടെ സൂര്യകാന്തിപ്പൂക്കൾ വിടരുന്നു. മണ്ണിന് കോരിത്തരിപ്പും ചരിത്രത്തിന് രോമാഞ്ചവുമുണ്ടാകുന്നു. വാഴുന്നവർ വീഴുകയും പുതിയ വസന്തങ്ങളുണ്ടാവുകയും അന്ധകാരങ്ങൾ കട്ടപിടിച്ച ഇടനാഴികളിൽ നിലാവ് പരക്കുകയും ചെയ്യുന്നു. കാതോർത്താൽ പൈശാചിക പ്രതാപങ്ങൾ താഴെ വീണുടയുന്ന ശബ്ദം കേൾക്കാം. ജീർണിച്ചുപോയ ജീവിതനിലങ്ങളിൽ നവനിർമാണങ്ങളുടെ ‘ബാങ്കൊലി’ കേൾക്കാം. രാഷ്ട്രീയത്തിൽ ‘ആത്മീയ കലാപങ്ങളുടെ’ യുഗ്മഗാനം....

## വ്യക്ത്യനുഭവം, സാമൂഹികത

വ്യക്തിയിൽ ദീപ്തമാകുന്ന ആത്മീയ സായൂജ്യത്തിന്റെ വർണരാജികൾ വിവരിക്കാൻ വാക്കുകൾ പോരാ. ഉള്ളിൽ വിരിയുന്ന ഒരു പൂവിന്റെ സുഗന്ധമാണത്. സൗന്ദര്യവും സൗരഭ്യവും നിറയുന്ന ആന്തരവസന്തത്തിന്റെ അനുഭൂതി. ദൈവസ്നേഹത്തിലൂടെ, പ്രാർഥനകളിലൂടെ, വേദസ്വാധ്യായത്തിലൂടെ സ്വായത്തമാകുന്ന സവിശേഷമായ ഉണർവ്. പ്രകൃതിയിലെ ദിവ്യനിർമാണ വൈഭവത്തെക്കുറിച്ച പ്രശാന്തവും അഗാധവും പരിപക്വവുമായ പര്യാലോചനകൾ (ഫിക്റ്). പ്രപഞ്ചനാഥനെക്കുറിച്ച ഓർമകൾ, ധ്യാനം, മനനമന്ത്രണങ്ങൾ(ദിക്റ്). ഓരോ ചലനത്തിലും നാഥനോടുള്ള നന്ദിപ്രകാശനമായിത്തീരുന്ന ജീവിതം (ശുക്റ്). ഹൃദയദീനങ്ങളിൽനിന്ന് (മറദുൽ ഖൽബ്) സുരക്ഷിത ഹൃദയത്തിലേക്കും (ഖൽബുൻ സലീം) ഹൃദയച്ചുരുക്കത്തിൽനിന്ന് (ശുഹ്ഹുന്നഫ്സ്) ഹൃദയവലിപ്പ(ശർഹുസ്വദ്ർ)ത്തിലേക്കുമുള്ള കണ്ണഞ്ചിപ്പിക്കുന്ന സഞ്ചാരം. കരുണയും കരുത്തുമുൾപ്പെടെയുള്ള ഈശ്വരീയ മൂല്യങ്ങളുടെ പ്രതിനിധാനമായിത്തീരുന്ന ജീവിതം (ഖിലാഫത്ത്). പൗർണമിനാളിലെ നിലാവിന്റെ അഴകായിരിക്കും ആ ജീവിതത്തിന്.

ദൈവത്തെക്കുറിച്ച ദൃഢബോധ്യവും (ഈമാൻ) ഹൃദയത്തിലങ്കുരിക്കുന്ന അവനോടുള്ള അതുല്യസ്നേഹവു(ഹുബ്ബ്)മത്രെ ആത്മീയതയുടെ അന്തർധാര. “വിശ്വാസികൾ എന്തിനേക്കാളുമേറെ, അല്ലാഹുവിനെ സ്നേഹിക്കുന്നു” (*അൽ ബഖറ* 165). എന്നാൽ എന്താണ് സ്നേ

●

**മനുഷ്യനിലെ ആത്മീയഭാവങ്ങളെ നിരാകരിച്ച ഭൗതികവാദങ്ങളെ നേരിടുന്നതോടെയോ വിപണിയിലെ കള്ളദൈവങ്ങളെ തുറന്നു കാട്ടുന്നതോടെയോ നമ്മുടെ ആത്മീയ ചർച്ചകൾ അവസാനിക്കുന്നില്ല. അഥവാ, ഭൗതികവാദങ്ങൾ സൃഷ്ടിച്ച ആത്മീയ ശൂന്യതക്കും കൾട്ടുകളുടെ വ്യാജ നിർമിതികൾക്കുമപ്പുറം ആത്മീയതയുടെ പ്രവാചകധാരയെ താത്ത്വികമായല്ല; പ്രായോഗികമായി ആവിഷ്കരിക്കുകയത്രെ നമ്മുടെ ദൗത്യം. കളകൾ പറിച്ച് വൃത്തിയാക്കിയ പാടത്ത് വിത്ത് വിതക്കാൻ മറന്നുപോയ കർഷകന്റെ കഥയാകരുത് നവോത്ഥാന സംഘങ്ങളുടേത്.**

ഹം? ഖുർറം മുറാദ് ഉണർത്തുന്നു: "ഒരു ശാസ്ത്രീയ സത്യം സൂത്രവാക്യമുപയോഗിച്ച് നിർവചിക്കുന്ന രീതിയിൽ സ്നേഹത്തെ നിർവചിക്കാനാവില്ല. എങ്കിലും സ്നേഹമെന്താണെന്നും അതെത്ര വലിയ ശക്തിയാണെന്നും നമുക്കറിയാം. പറയുവാനും കഴിയും. ഇത് ജീവിതത്തെ മുഴുവൻ അതിജയിക്കുന്ന ശക്തിയാണ്. അത് നിങ്ങളെ മോഹിപ്പിക്കുകയും ബന്ധനത്തിലാക്കുകയും ചലിപ്പിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി നിങ്ങളെന്തും ചെയ്യാൻ തയാറാകുന്നു. ഒരിക്കൽ സ്നേഹമുണ്ടായിക്കഴിഞ്ഞാൽ നിങ്ങൾ ചെയ്യുന്നത് നിങ്ങളുടെ മേൽ അടിച്ചേൽപിക്കപ്പെട്ടതായിരിക്കുകയില്ല. കാരണം നിങ്ങളെ നിർബന്ധിക്കേണ്ടിവരുന്നത് നിങ്ങളിഷ്ടപ്പെടാത്ത ഒരു കാര്യം ചെയ്യാൻ വേണ്ടിയാണ്. ഈമാനെന്നത് ഹൃദയത്തിന്റെ അഗാധതയിലേക്കിറങ്ങുന്നതും മറ്റെന്തിനേക്കാളും അല്ലാഹുവിനോടും അവന്റെ പ്രവാചകനോടും സ്നേഹം ജനിപ്പിക്കുന്നതുമാണ്. ഇങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ യഥാർഥ ഈമാനിന്റെ അനുഭവം നിങ്ങൾക്കുണ്ടാവുകയില്ല." (*പുലർകാല യാമങ്ങളിൽ*, പേജ് 63).

ഹൃദയത്തിന്റെ ആഴങ്ങളിൽ വിരിയുന്ന ഈ ദൈവസ്നേഹം, സ്നേഹഭാജനത്തിലേക്കുള്ള വഴികളിൽ സ്വയം സമർപ്പിക്കാൻ ഒരുവന് ആവേശം നൽകും. അങ്ങനെയത്രെ അയാളുടെ ആവിഷ്കാരങ്ങൾ പ്രാർഥനയും കീർത്തനവുമായി, സാഹിത്യവും കലയുമായി, പോരാട്ടവും സേവനവുമായി, നിസ്വരോടുള്ള അനുതാപമായി, സാമൂഹിക ഇടപെടലുകളായി രൂപം പ്രാപിക്കുന്നത്. ജ്ഞാനികൾ ആത്മീയ സായൂജ്യത്തിന്റെ ആകാശയാത്രകളിൽ (മിഅ്റാജ്) നിന്ന് മണ്ണിലേക്ക് മടങ്ങിയെത്തുന്നതിന്റെ രഹസ്യമിതാണ്. ഗിരിഗഹ്വരങ്ങളിലെ ഏകാന്തതകളിലെന്നപോലെ, തെരുവിലും വീട്ടിലും ഓഫീസിലും പാടത്തും വ്യാപാരകേന്ദ്രത്തിലും ക്ലാസ് മുറിയിലും പോരാട്ട ഭൂമിയിലും ആത്മീയതയെ, ദൈവസ്നേഹത്തെ സാക്ഷാത്കരിക്കാനാവുമെന്ന് അയാൾക്ക് നന്നായറിയാം. തനിക്ക് കിട്ടിയ ഉൾവെളിച്ചത്തെ ചുറ്റുപാടും പ്രസരിപ്പിക്കുന്ന സാമൂഹികതയുടെ കലയായി ആത്മീയത ഉയരുന്നതിങ്ങനെയാണ്.

ആത്മീയ നിറവിനാൽ പൂർണതയിലേക്ക് സഞ്ചരിക്കുന്ന ഒരാളിൽ കനിവിന്റെയും ഉണർവിന്റെയും ഗുണങ്ങളത്രയും മഴവില്ലിലെ വർണവിസ്മയം പോലെ സഞ്ചയിച്ച് വിടരുന്നത് കാണാം. തന്റെ ജീവിതത്തെപറ്റി ചോദിച്ച അലി(റ)യോട് ഒരിക്കൽ നബി(സ) ഇങ്ങനെ പറഞ്ഞു: "ജ്ഞാനമാണെന്റെ മൂലധനം. ബുദ്ധിയാണെന്റെ മതത്തിന്റെ മൗലികത. സ്നേഹമാണെന്റെ അസ്തിവാരം. ആവേശം എന്റെ വാഹനം. ദൈവസ്മരണ സഹചാരി. ആത്മവിശ്വാസമാണെന്റെ നിധി. ദുഃഖമാണെന്റെ കൂട്ടുകാരൻ. വിദ്യയാണായുധം. ക്ഷമ എന്റെ വസ്ത്രം. സംതൃപ്തിയാണ് സമ്പത്ത്. കഴിവില്ലായ്മ എനിക്ക് അഭിമാനം. ലാളിത്യമാണെന്റെ തൊഴിൽ. ദൃഢവിശ്വാസമാണെന്റെ ബലം. സത്യസന്ധത എന്റെ ശിപാർശകൻ. അനുസരണമാണെന്റെ കുലീനത. സമരമെന്റെ പ്രകൃതം. നമസ്കാരത്തിലാണ് കൺകുളിർമ. ഓർമയാണെന്റെ ഹൃദയത്തിന്റെ കനി. എന്റെ സമൂഹത്തിനുവേണ്ടിയത്രെ എന്റെ ദുഃഖം. എന്റെ മോഹം എന്റെ നാഥനാകുന്നു" (നൂറുൽയഖീൻ).

**ആത്മീയവസന്തങ്ങൾക്ക് മറയിട്ട ഒരു സംഘം, വ്യാജന്മാരുടേതായിരുന്നു. പ്രവാചകന്മാരുടെ പ്രതിയോഗികളായി രംഗത്തെത്തിയ 'പുരോഹിത സിൻഡിക്കേറ്റ്'. ഏതുതരം മതചിഹ്നങ്ങളെയും തരംപോലെ ഉപയോഗപ്പെടുത്തി ലൗകികാനന്ദങ്ങൾ തരപ്പെടുത്തുന്നതിലായിരുന്നു ഇവരുടെ ഹരം. അധികാരകേന്ദ്രങ്ങളോട് എന്നും ഇക്കൂട്ടർ ഒട്ടിനിന്നു. ആസറുമാരും സാമിരിമാരും പരീശന്മാരും നയിക്കുന്ന വ്യാജ ആത്മീയ ശൃംഖലയിൽ എവിടെയോ, കൾട്ടുകളും കള്ളദൈവങ്ങളും കണ്ണിചേരുന്നു. യേശുവിന്റെ ഭാഷയിൽ 'വെള്ള പൂശിയ ശവക്കല്ലറകൾ.' ഇവർ ജനങ്ങളെ എന്തുചെയ്യുന്നുവെന്നും ഇവരെ ദൈവം എന്താണ് ചെയ്യാനിരിക്കുന്നതെന്നും ഖുർആൻ കൃത്യതയോടെ പറഞ്ഞുവെച്ചിട്ടുണ്ട്.**

'പൂർണ മനുഷ്യ'നാകാൻ (അൽ ഇൻസാനുൽ കാമിൽ) എന്തു വേണമെന്ന് വിവരിക്കവെ, അല്ലാമാ ഇഖ്ബാൽ ഇങ്ങനെ കുറിച്ചിട്ടു: "ശക്തിയാണ് സത്യത്തിന്റെ കൂടപ്പിറപ്പ്. നീ നിന്നെ അറിയുമെങ്കിൽ, ശക്തി സത്യം പ്രതിബിംബിക്കുന്ന കണ്ണാടിയാണ്. ജീവിതരഹസ്യങ്ങളെക്കുറിച്ച് പരിജ്ഞാനം നേടുക. ദൈവത്തെയൊഴികെ മറ്റെല്ലാറ്റിനെയും തള്ളിക്കളയുക. നിന്റെ നയനങ്ങളും കർണങ്ങളും അധരങ്ങളും തുറന്നുവെക്കുക" (*അസ്റാറെ ഖുദി*).

## ഇരുട്ട് വന്ന വഴികൾ

ഭൗതികവാദങ്ങൾ ആത്മാവിനെയും ആത്മീയതയെയും കണ്ണടച്ച് നിഷേധിച്ചു. ഭൂമുഖത്തെ ഒരു പുൽക്കൊടി പോലും ദൈവോന്മുഖമായി വളരുന്നതിനെ അവ കണ്ടില്ലെന്ന് നടിച്ചു. മനുഷ്യനെ കേവലം ശരീരമാക്കി ചുരുക്കിക്കെട്ടി. 'പുരോഗമിച്ച വെറുമൊരു മൃഗ'മെന്ന് നിർവചിച്ചു. ആരോ പറഞ്ഞപോലെ, ഭൗതികവാദികൾ ചെളി മാത്രം കണ്ടു, താമര കണ്ടില്ല! മനുഷ്യന്റെ വിശിഷ്ടമായ ഉള്ളടക്കത്തെ അവരിങ്ങനെ അപഗ്രഥിച്ചു: "ഏഴ് കഷ്ണം സോപ്പുണ്ടാക്കാൻ വേണ്ട എണ്ണ. ഏഴു പെൻസിലുണ്ടാക്കാവുന്ന കാർബൺ, 120 തീപ്പെട്ടിക്കോലിന് വേണ്ട ഫോസ്ഫറസ്, അൽപം മെഗ്നീഷ്യം സാൾട്ട്, ഇരുമ്പ്, ചുണ്ണാമ്പ്, ഗന്ധകം, വെള്ളം...." (*വിശ്വാസവും ജീവിതവും* പേജ് 58). ഇതാണ് മനുഷ്യനെന്ന് കേട്ടപ്പോൾ, 'ഇതാണോ മനുഷ്യ'നെന്ന് മറുചോദ്യമുന്നയിച്ചവരെ അവർ പിന്തിരിപ്പന്മാരെന്ന് മുദ്രകുത്തി. ശകലം കാർബണും ഫോസ്ഫറസും ഗന്ധകവുമാണോ മോശയും യേശുവും മുഹമ്മദുമെന്ന നാടൻ സംശയത്തിന്റെ മുമ്പിൽ പദാർഥവാദികൾ ഇന്നും ഇരുട്ടിൽ തപ്പുന്നു.

ആത്മീയവസന്തങ്ങൾക്ക് മറയിട്ട മറ്റൊരു സംഘം, വ്യാജന്മാരുടേതായിരുന്നു. പ്രവാചകന്മാരുടെ പ്രതിയോഗികളായി രംഗത്തെത്തിയ 'പുരോഹിത സിൻഡിക്കേറ്റ്'. ഏതുതരം മതചിഹ്നങ്ങളെയും തരംപോലെ ഉപയോഗപ്പെടുത്തി ലൗകികാനന്ദങ്ങൾ തരപ്പെടുത്തുന്നതിലായിരുന്നു ഇവരുടെ ഹരം. അധികാരകേന്ദ്രങ്ങളോട് എന്നും ഇക്കൂട്ടർ ഒട്ടിനിന്നു. ആസറുമാരും സാമിരിമാരും പരീശന്മാരും നയിക്കുന്ന വ്യാജ ആത്മീയ ശൃംഖലയിൽ എവിടെയോ, കൾട്ടുകളും കള്ളദൈവങ്ങളും കണ്ണിചേരുന്നു. യേശുവിന്റെ ഭാഷയിൽ 'വെള്ള പൂശിയ ശവക്കല്ലറകൾ.' ഇവർ ജനങ്ങളെ എന്തുചെയ്യുന്നുവെന്നും ഇവരെ ദൈവം എന്താണ് ചെയ്യാനിരിക്കുന്നതെന്നും ഖുർആൻ 9:34,35-ൽ കൃത്യതയോടെ പറഞ്ഞുവെച്ചിട്ടുണ്ട്.

## പ്രവാചകധാര

നബിപരമ്പര ആത്മീയാന്വേഷകരുടെ പരമ്പരയല്ലെന്നും മനുഷ്യന്റെ ആത്മീയ ജിജ്ഞാസകൾക്ക് നൽകപ്പെട്ട ദൈവികമായ ഉത്തരത്തിന്റെ ചരിത്രമാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അവർ ആത്മീയ സായൂജ്യത്തിന് നവീന പദ്ധതികൾ തേടിയലഞ്ഞവരല്ലായിരുന്നു. പ്രത്യുത, വെളിപ്പെട്ട് കിട്ടിയ ദിവ്യബോധനങ്ങളുടെ വെളിച്ചത്തിൽ ദൃഢബോധ്യത്തോടെ ജീവിച്ചവരായിരുന്നു. ആത്മീയതയുടെ വ്യക്തിപ്രസാദവും സാമൂഹിക ചൈതന്യവും അവരിലൂടെയാണ് ലോകം ദർശിച്ചത്. പ്രവാചകപാഠശാലയിൽനിന്ന് പുറത്തിറങ്ങിയവരാകട്ടെ, പാതിരാവിന്റെ ഏകാന്തയാമങ്ങളെയും തീ പാറുന്ന പോരാട്ടഭൂമികളെയും ഒരുപോലെ സജീവമാക്കി. ഈ നബിശിഷ്യന്മാരുടെ പിന്മുറക്കാ

രത്രെ അബ്ദുൽ ഖാദിർ ജീലാനിയെപ്പോലുള്ള ആത്മീയ തേജസ്വികൾ. തുളക്കുന്ന സാമൂഹികവിമർശവും അലിയിക്കുന്ന സാരോപദേശങ്ങളും ആരെയും കൂസാത്ത ആർജവവും അലൗകികമായ വ്യക്തിചൈതന്യവും നിരന്തരമായ പ്രബോധനയത്നങ്ങളും കൊണ്ട് ആത്മീയ ജീവിതത്തിന്റെ പ്രവാചകധാരയെ അവരുയർത്തിപ്പിടിച്ചു. ആയിരക്കണക്കായ അന്യമതസ്ഥരെയും ലക്ഷത്തിലധികം സ്വമതത്തിലെ വികല വിശ്വാസികളെയും നേർവഴിക്ക് നയിച്ച അബ്ദുൽ ഖാദിർ ജീലാനിയുടെ ജീവിതകഥ തന്നെ കെട്ടുകാഴ്ചകളുടെയും നിശ്ചലതയുടെയും അരാഷ്ട്രീയതയുടെയും ആത്മീയ സംഘങ്ങളെ നോക്കി സഹതപിക്കുന്നുണ്ട്.

## നമ്മുടെ ദൗത്യം

മനുഷ്യനിലെ ആത്മീയഭാവങ്ങളെ നിരാകരിച്ച ഭൗതികവാദങ്ങളെ നേരിടുന്നതോടെയോ വിപണിയിലെ കള്ളദൈവങ്ങളെ തുറന്നു കാട്ടുന്നതോടെയോ നമ്മുടെ ആത്മീയ ചർച്ചകൾ അവസാനിക്കുന്നില്ല. അഥവാ, ഭൗതികവാദങ്ങൾ സൃഷ്ടിച്ച ആത്മീയ ശൂന്യതക്കും കൾട്ടുകളുടെ വ്യാജ നിർമിതികൾക്കുമപ്പുറം ആത്മീയതയുടെ പ്രവാചകധാരയെ താത്ത്വികമായല്ല; പ്രായോഗികമായി ആവിഷ്കരിക്കുകയത്രെ നമ്മുടെ ദൗത്യം. കളകൾ പറിച്ച് വൃത്തിയാക്കിയ പാടത്ത് വിത്ത് വിതക്കാൻ മറന്നുപോയ കർഷകന്റെ കഥയാകരുത് നവോത്ഥാന സംഘങ്ങളുടേത്. ഭൗതികതയുടെ സൂക്ഷ്മാധിനിവേശങ്ങൾ കാരണമായിരിക്കാം, സാമൂഹികാവിഷ്കാരങ്ങൾ നടത്തുന്ന ആദർശകൂട്ടായ്മകൾക്ക് പോലും ആത്മീയതയുടെ വൈയക്തിക പ്രസാദം ചോർന്നുപോകുന്നുണ്ടോ എന്ന് സംശയിക്കണം. ആഴമുള്ള ആത്മീയാനുഭൂതികൾ അന്യം നിൽക്കുന്ന അനുഭവം മതഭൂമികയിൽനിന്ന് പോരാട്ടത്തിനിറങ്ങുന്നവർക്ക് ആത്മഹത്യാപരം തന്നെയാണ്. എന്തെന്നാൽ, ദൈവാഭിമുഖ്യത്തിന്റെ അദൃശ്യവും സുദൃഢവുമായ ആത്മീയ പാശമറ്റുപോയാൽ ചരട് പൊട്ടിയ പട്ടം കണക്കെ നമ്മുടെ ദൗത്യങ്ങൾ ഏതൊക്കെയോ ചതുപ്പുകളിൽ തലകുത്തി വീഴാനായിരിക്കും വിധി.

യാന്ത്രികതയാണ് ആത്മീയ ദാരിദ്ര്യത്തിന്റെ മറ്റൊരു മുഖം. ജോലിക്ക് മാത്രമെങ്കിൽ ഇന്ന് യന്ത്രം മതി, മനുഷ്യൻ വേണ്ട. ആഹാരത്തിൽ ഉമിനീരെന്ന പോലെ അനുഭവത്തിന്റെ രുചിയും മണവും ലക്ഷ്യവും ഗുണദോഷവിചാരവും സർവോപരി ദൈവസ്നേഹവും കലരുമ്പോഴത്രെ കർമങ്ങൾ മാനുഷികമാകുന്നത്. അഥവാ, ആത്മീയമാകുന്നത്. ആരോ സ്വിച്ചമർത്തിയാൽ ചലിക്കുകയും സ്വിച്ചമർത്തിയാൽ നിലച്ചുപോവുകയും ചെയ്യുന്ന ഹൃദയമില്ലാത്ത യന്ത്രം കണക്കെ, ആത്മീയാനുഭൂതികളുടെ അക്ഷയ ഖനികളായ ആരാധനകളെപ്പോലും വഴിപാടാക്കുകയാണിന്ന് വിശ്വാസികൾ. കർമങ്ങളിൽ ചോർന്നുപോകുന്ന ഈ ആത്മീയ ഭാവത്തെ തിരിച്ചുപിടിക്കലത്രെ നമ്മുടെ അടിയന്തരാവശ്യം.

## ആത്മീയ വസന്തം

നബിശിഷ്യരുടെ ഒരു കൈയിൽ പ്രാർഥനയും മറുകൈയിൽ കർമാവേശവുമായിരുന്നു. അതിനാൽ മണ്ണിലും വിണ്ണിലും അവർ അവകാശം സ്ഥാപിച്ചെടുത്തു. ദൈവസ്നേഹത്തിന്റെ പൂനിലാവും കർമനൈരന്തര്യത്തിന്റെ കരുത്തുമായിരുന്നു അവരുടെ ജീവിതങ്ങളെ ആരും കൊതിക്കുന്ന ആത്മീയ വസന്തങ്ങളാക്കി മാറ്റിയത്.

യൗവനാരംഭത്തിൽതന്നെ നന്മയുടെ വഴിയിൽ സമർപ്പണം ചെയ്ത തന്റെ ശിഷ്യന് വേണ്ടി, സഅ്ദുബ്നു അബീവഖാസിനു വേണ്ടി നബി(സ) ഇങ്ങനെ പ്രാർഥിച്ചു: "അല്ലാഹുവേ, സഅ്ദിന്റെ പ്രാർഥനകൾ സ്വീകരിക്കേണമേ! അദ്ദേഹത്തിന്റെ അമ്പുകൾ കുറിക്ക് കൊള്ളിക്കേണമേ..."

സഅ്ദിന്റെ പ്രതിഭയും പ്രാർഥനയും നഷ്ടപ്പെടുന്നതുകൊണ്ടത്രെ, നമ്മുടെ കാലത്ത് യൗവനങ്ങൾ നിറംകെട്ടുപോകുന്നത്. ■